# SAMPLE QUESTION PAPER 2012 (SET - I)

# മാതൃക ചോദ്യപേപ്പർ

## (Code : 112)

## MALAYALAM

## മലയാളം

**Time : 3 hrs.** **CLASS XII** **Marks : 100**

1. a) വിലക്കയറ്റത്തെക്കുറിച്ച് പരാതിപ്പെട്ടുകൊണ്ട് പ്രമുഖ പത്രാധിപർക്കൊരു കത്ത് തയ്യാറാക്കുക. (10)

അല്ലെങ്കിൽ

വർദ്ധിച്ചുവരുന്ന റോഡഅപകടങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടും പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടും ഒരു കത്ത് പത്രാധിപർക്ക് തയ്യാറാക്കുക.

b) 'എൻഡോസൾഫാൻ വിതച്ച നാശം' എന്ന വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക. (5)

അല്ലെങ്കിൽ

വികലാംഗരും സമൂഹവും എന്ന വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക.

c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക :-

നാടകത്തിലെ പാത്രാവിഷ്ണരണരീതിയെക്കുറിച്ചു പ്രതിപാദിക്കമ്പോൾ, അതിനു മൂന്നു പ്രത്യേകതകളണ്ടെന്ന ഹഡ്സൺ ചൂണ്ടിക്കാണിക്കുന്നു. സംക്ഷിപ്തത, ഏകാഗ്രത, നിർവ്യക്തികത്വം എന്നിവ ഇതിൽ നിർവ്യക്തികത്വമെന്നതാണ് ആദ്യം പറയേണ്ടതെന്ന് തോന്നുന്നു. അതു പരമപ്രധാനമായ പ്രത്യേകതയാണെന്നല്ല; ആ പ്രത്യേകതയുടെ ഫലങ്ങളാണ് മറ്റു രണ്ടു പ്രത്യേകതകളും എന്നു മാത്രം. കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോഴും അവരുടെ പെരുമാറ്റങ്ങളെ ചിത്രീകരിക്കമ്പോഴും ഒരു നോവലിസ്റ്റിന് അവരുടെ സ്വഭാവത്തിന്റെ സൂക്ഷമഘടകങ്ങളെക്കുറിച്ചു പല സൂചനകളും വായനക്കാർക്ക് നല്കാൻ കഴിയും. പഴയ നോവലിസ്റ്റുകൾ പലരും പാത്രങ്ങളെക്കുറിച്ചു തങ്ങളുടെ അഭിപ്രായം പലപ്പോഴും തുറന്നടിക്കുക പതിവായിരുന്നു. ഉദാഹരണത്തിന് ധർമ്മരാജയിൽ ചന്ത്രക്കാരനെ അവതരിപ്പിക്കുമ്പോൾ, സി.വി.രാമൻപ്പിള്ള കുറിക്കുന്ന ഈ വാചകം നോക്കുക. അടുത്താൽ ലേഹനം കൊണ്ടും വഞ്ചനയും അടുത്തില്ലെങ്കിൽ ആദരശസ്ത്രക്രിയ പ്രയോഗത്താൽ അനുക്ഷണ ദ്രോഹവും വിരോധപ്പെട്ടാൽ സ്വാധികാരവജ്രം കൊണ്ടും ദൃഢഹതിയും–ഈ വിധമുള്ള പരമകുടിലനായതാൽ വേളി മുതൽ വർക്കലവരെയും നെടുമങ്ങാടു മുതൽ പശ്ചിമ സമുദ്രം വരെയും ഉൾപ്പെട്ട പ്രദേശത്തെ ചന്ത്രക്കാരു മഹാറാട്ടു സങ്കട നിവേദനങ്ങൾക്കു സംഗതിയും മാർഗ്ഗവും കൂടാതെ പരിപാലനം ചെയ്തവന്നു. ശാരദയിൽ വൈത്തിപ്പട്ടരുടെ അവതരണം ഇതിലും വാച്യമായ സ്വഭാവ നിർദ്ദേശങ്ങളോടു കൂടിയാണ്. ഇതു കൂടാതെ വലിയ മാനസികഭാവങ്ങളെ വെളിവാക്കുന്ന ചെറിയ ചെറിയ സംഭങ്ങളെ സസൂക്ഷമം വിവരിക്കാനും നോവലിസ്റ്റുകൾക്ക് സൗകര്യമുണ്ട്. നാടകകൃത്ത്, ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും പരതന്ത്രനാണ്. അയാൾക്ക് നേരിട്ട് ആഖ്യാനം നിർവ്വഹിക്കാനോ കമന്റുകൾ പാസാക്കനോ നിർവ്വാഹമില്ല. മാത്രമല്ല ചില പ്രത്യേകതരത്തിലുള്ള സംഭങ്ങളല്ലാതെ തന്റെ കൃതിയിൽ ഉൾപ്പെടുത്താനും നിവൃത്തിയില്ല. അതുകൊണ്ടു പാത്രാവിഷക്കരണത്തിൽ നിർവ്യക്തികത്വം ദീക്ഷിക്കാൻ അയാൾ നിർബ്ബന്ധിതനായത്തീരുന്നു. ഈ നിർവ്യക്തിക്തവം മൂലമുണ്ടാകുന്ന പരിമിതികളെ ജയിക്കുന്നതിനും

വേണ്ടിയാണ്, സംക്ഷിപ്തതയും ഏകാഗ്രതയും നിലനിർത്തി അല്പമായ സൂചനകൊണ്ട് അധികമായ ആന്തരിക ഭാവപ്രകാശനം സാധിക്കാൻ അയാൾ ക്ലേശിച്ചു പരിശ്രമിക്കുന്നത്.

ചോദ്യങ്ങൾ

1) നാടകത്തിലെ പാത്രാവിഷ്ക്കരണ രീതിയ്ക്കുള്ള മൂന്നു പ്രത്യേകതകൾ ഏവ ? (2)

2) പഴയ നോവലിസ്റ്റുകൾ കഥാപാത്രങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ തുറന്നടിച്ചിരുന്നു എന്നതിന് ഉദാഹരണമേത് ? (2)

3) നാടകകൃത്തും നോവലിസ്റ്റും കഥാപാത്രാവിഷ്കരണത്തിൽ വ്യത്യസ്ത പുലർത്തുന്നതെങ്ങനെ? (2)

4) പാത്രാവിഷ്കരണത്തിൽ നിർവ്യക്തികത്വം ദീക്ഷിക്കേണ്ടിവരുന്നത് ആർക്ക് ? എന്തുകൊണ്ട്? (2)

5) നാടകകൃത്ത് എന്തിലാണ് ക്ലേശിക്കേണ്ടി വരുന്നത് (2)

2. a) അലങ്കാരം കണ്ടെത്തി ലക്ഷണമെഴുതി സമന്വയിപ്പിക്കുക (7)

ഉലകാമുത്തമ വിദ്യാലയ മിതിലുപകരോപനിഷ-
ത്തോതിക്കോനവനുപദേശിപ്പതു മുറക്കവേ കേൾക്കാം

അല്ലെങ്കിൽ

കേവലമായതു കൈവിട്ടോരക്ഖലൻ
പീവരമാമോരു വയ്ക്കോൽപ്പന്തൽ
എങ്ങനെ ജൃംഭിച്ചു നില്ക്കിലും തച്ഛക്തി
മംഗല്യം വേർപെട്ട മങ്കമാത്രം.

b) അതിശയോക്തി അലങ്കാര വിഭാഗങ്ങൾ ഉദാഹരണ സഹിതം വിവരിക്കുക. (10)

അല്ലെങ്കിൽ

രൂപകം, ഉൽപ്രേക്ഷാ വിഭാഗങ്ങൾ ഉദാഹരണ സഹിതം വിവരിക്കുക.

c) ഉപമ, രൂപകം ഇവ ലക്ഷ്യലക്ഷണം സമന്വയം ചെയത് താരതമ്യം ചെയ്യുക. (8)

അല്ലെങ്കിൽ

ഉപമാലങ്കാരവിഭാഗങ്ങൾ ഉദാഹരണ സഹിതം വിവരിക്കുക.

3. a) തിങ്കളെക്കണ്ടൊരു രാഹുവെപ്പോലെതാൻ (7)

ശങ്ക കളഞ്ഞങ്ങടുത്തു പിന്നെ-
തിങ്കൾ, രാഹു ഈ പ്രയോഗം സന്ദർഭവുമായി
എങ്ങനെ ബന്ധപ്പെടുത്തിയിരിക്കുന്നു എന്നു വിശദമാക്കുക – ശങ്കകളഞ്ഞ് അടുത്തതാര് ?

അല്ലെങ്കിൽ

പഴിവാക്കു കേട്ടാൽ പൊറുത്തുകൂടുമോ
പഴകിയ സത്യം മറക്കയുമാമോ ?
പഴിവാക്കു പറഞ്ഞതാര് ? പറയാൻ കാരണമെന്ത് ?
പൊറുക്കാൻ കഴിയാത്തതാർക്ക് ? പഴകിയ സത്യമെന്ത് ?

b) പ്രൗഢതയെല്ലാം കണ്ടാൽ തോന്നും (7)

മൂഢതയല്ലാതവനറിവില്ല.

– ഇങ്ങനെ പറയാൻ കാരണമായ കാവ്യസന്ദർഭം

കാവ്യഭംഗി ഇവ വ്യക്തമാക്കുക

അല്ലങ്കിൽ

പ്രാണരക്ഷണത്തിനൊന്നില്ലാ പ്രത്യുപകാരം

പ്രചുരമാം സുകൃതാ ദൃതേ

–സന്ദർഭം ആയം ഇവ വ്യക്തമാക്കുക

4. a) ഈ വഴിപോയാൽ ലോകത്തിൽ സാമ്യമില്ലാത്ത (5)

രണ്ടു വസ്തുകളില്ലെന്നു പറയരുതോ ? – ഏതു വഴി

പോയാൽ ? ഇങ്ങനെ പറയാനുണ്ടായ സാഹചര്യം

വിശദമാക്കുക

അല്ലെങ്കിൽ

സാധാരണ ഭാഷയിലാണു താനെഴുതുന്നതെന്ന ചന്തു

മേനോന്റെ ശപഥം ഒരു ഭംഗിവാക്കു മാത്രമായിരുന്നു

എന്നർത്ഥം – ലേഖകൻ വിവക്ഷിക്കുന്നതെന്ത് ?

b) അയൽക്കൂട്ടങ്ങളുടെ വർത്തമാനകാല പ്രസക്തിവ്യക്തമാക്കുക. (5)

അലെങ്കിൽ

ഷോഡതി നറുക്കെടുപ്പിൽ സമ്മാനാർഹരായവർ പരിഹസിക്കപ്പെട്ട രംഗങ്ങൾ വിവരിക്കുക.

5. തത്ക്കാലം ഞങ്ങൾക്കുണ്ടായ ആധി ഇത്രയാണെന്നും ഇന്നവിധമാണെന്നും പറഞ്ഞുകൂടാ–സാഹചര്യമെന്ത് ? (6)

അല്ലെങ്കിൽ

നിങ്ങൾക്കുവേണ്ടി ഞാൻ തന്നെയാണത് നിശ്ചയിക്കേണ്ടത് ? ആരുടെ വാക്കുകൾ ? വാക്കുകളിൽ തെളിയുന്ന വക്താവിന്റെ മനോഭാവം എന്ത് ?

6. ഒരു സാധാരണ രാഷ്ട്രീയക്കാരനിൽ നിന്ന് ഭിന്നമായ വ്യക്തിത്വത്തിനുടമയായിരുന്നു മൗലാന ആസാദ് വിശദമാക്കുക. (10)

അല്ലെങ്കിൽ

പരിപക്വമായ ജ്ഞാനം വ്യക്തിയെ മഹാനാക്കുന്നു. – മൗലാന അബുൾ കലാം ആസാദിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി ഈ അഭിപ്രായം പരിശോധിക്കുക.

7. ശ്രീകൃഷ്ണൻ തന്നെ പേടിക്കേണ്ടതില്ല എന്നതിനു ദുര്യോധനൻ പറയുന്ന ന്യായങ്ങളെന്തെല്ലാം ? (10)

അല്ലെങ്കിൽ

ഭീഷ്മരെക്കുറിച്ച് വിദുരർ പറയുന്ന കാര്യങ്ങൾ സംഗ്രഹിക്കുക.